# Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## കടുവയും പുലിയും നിങ്ങളുടെ വീട്ടിൽ?



അദ്ദേഹത്തിന്റെ മരണം നാടിനെ മുഴുവൻ ദുഃഖത്തിലാഴ്ത്തി. 'എന്തു നല്ലൊരു മനുഷ്യനായിരുന്നു.'എല്ലാവരും ഓർമകൾ അയവിറക്കി...നാട്ടിലെ ഏറ്റവും സമ്പന്നനായിരുന്നെങ്കിലും തലക്കനം ഒട്ടുമില്ലായിരുന്നു. പാവങ്ങളോട് വലിയ അനുകമ്പയായിരുന്നു അദ്ദേഹത്തിന്. നാട്ടിൽ ആർക്ക് എന്ത് ആവശ്യമുണ്ടെങ്കിലും ഓടിയെത്തും, സഹായിക്കും. സ്നേഹാർദ്രമായ പെരുമാറ്റത്തിലൂടെ നാടിനെയും നാട്ടാരെയും കീഴടക്കിയ ആ മനുഷ്യന്റെ ശവസംസ്ക്കാര ശുശ്രൂഷയിൽ ആ ഗ്രാമത്തിലെ താൽക്കാലിക താമസക്കാരനായ ഞാനും പങ്കെടുത്തു.

ഒരു മാസത്തിനുശേഷം പരേതന്റെ കുടുംബാംഗങ്ങളെ സന്ദർശിക്കാനും കൂടുതൽ പരിചയപ്പെടാനും അവസരമുണ്ടായി. അവരുടെ വാക്കുകളിലൂടെ വരയ്ക്കപ്പെട്ട അന്തരിച്ച് കുടുംബനാഥന്റെ ചിത്രത്തിന് വേറൊരു രൂപവും ഭാവവും ആയിരുന്നു. അതെന്നെ ഞെട്ടിച്ചു കളഞ്ഞു. ദേഷ്യം വന്നാൽ എന്തുചെയ്യാനും മടിക്കാത്ത ക്രൂരൻ. ദേഷ്യം വരുന്നതിന് പ്രത്യേകിച്ച് കാരണമൊന്നും വേണ്ടത്രേ. ഭക്ഷണം കൃത്യസമയത്തിന് അൽപ്പമൊന്നു താമസിച്ചാൽ മതി ഭാര്യയെ തല്ലാൻ; മക്കളോട് ദേഷ്യം തോന്നിയാലും തല്ലുകിട്ടുന്നത് ഭാര്യയ്ക്ക്; ഭർത്താവിന്റെ പീഡനം ഒന്നുകൊണ്ടുമാത്രം രോഗിണിയായിത്തീർന്ന ഭാര്യ. മൂത്തമകന്റെ ഒരു ചെവിക്ക് കേൾവിശക്തിയില്ല. വർഷങ്ങൾക്കുമുമ്പ് അച്ഛൻ ചെകിട്ടത്ത് കൊടുത്ത അടിയാണത്രേ കാരണം. ഇഷ്ടംപോലെ പണം ഉണ്ടെങ്കിലും ഭാര്യയുടെയോ മക്കളുടെയോ ആവശ്യത്തിന് 10 പൈസ കിട്ടണമെങ്കിൽ തെറിയും പ്രാക്കും കേൾക്കണം.

ഈ സംഭവം എന്നെ വളരെയധികം ചിന്തിപ്പിച്ചു. നാട്ടിൽ സകലരോടും കരുണയും സ്നേഹവും പ്രദർശിപ്പിച്ചിരുന്ന ആ മനുഷ്യൻ എന്തുകൊണ്ട് വീട്ടിൽ ക്രൂരമായി പെരുമാറി? ഇതിൽ ഏതാണ് അദ്ദേഹത്തിന്റെ യഥാർത്ഥ സ്വഭാവം? നാട്ടുകാരുടെ മുന്നിലുള്ളതോ അതോ ഭാര്യയുടെയും മക്കളുടെയും മുന്നിലുള്ളതോ?ഭ ഈ മുഖമാറ്റം ഏതെങ്കിലും ഒരു വ്യക്തിയുടെമാത്രം പ്രശ്നമല്ല. നമ്മുടെയൊക്കെ പൊതുസ്വഭാവമാണെന്ന തിരിച്ചറിയിവിലേക്കാണ് ആ ചിന്തകൾ

നയിച്ചത്. നാമെല്ലാം ജീവിതത്തിൽ ഒരുപാട് മുഖംമൂടികൾ ധരിക്കുന്നു. ഇതുമൂലം തങ്ങളുടെ യഥാർത്ഥ മുഖമെന്തെന്നുപോലും പലർക്കും അറിവില്ല. ദൈവത്തിന്റെ മുന്നിൽവരെ മുഖംമൂടി ധരിച്ചു ചെല്ലുന്നവരാണ് നാം. പൊയ്മുഖങ്ങളുടെ എണ്ണം കൂടുംതോറും നമ്മുടെ പിരിമുറുക്കവും കൂടും, ആത്മീയ ജീർണ്ണത വർദ്ധിക്കും. അതിനാൽ മുഖംമൂടികൾ വലിച്ചെറിഞ്ഞ് തന്റെ യഥാർത്ഥ മുഖവുമായി ദൈവതിരുമുമ്പിൽ വരുന്നവനേ ദൈവകൃപ സ്വന്തമാക്കാൻ കഴിയൂ.

നാട്ടിൽ നാം എന്തായിരിക്കുന്നു എന്നതല്ല പ്രധാനം. വീട്ടിൽ നാം എന്തായിരിക്കുന്നു എന്നതാണ് ഓരോരുത്തരും പരിഗണിക്കേണ്ടത്. ഒരു നല്ല അദ്ധ്യാപകനോ സാമൂഹ്യപ്രവർത്തകനോ ബിസിനസ്സുകാരനോ ആയിരിക്കാം നാം. പക്ഷേ, നമ്മുടെ വീട്ടിൽ നാം ആരാണ്? ഭാര്യയുടെയും മക്കളുടെയും മുന്നിൽ കടുവയെപ്പോലെ അലറുകയും പെരുമാറുകയും ചെയ്യുന്ന ഭർത്താവാണോ? അയൽപക്കകാരോടും ദൈവാലയത്തിൽ വരുന്നവരോടും ഓഫീസിലുള്ളവരോടും ഏറ്റവും മധുരമായി പെരുമാറുകയും വീട്ടിൽ വരുമ്പോൾ ഭർത്താവിന്റെയും മക്കളുടെയും മുന്നിൽ പുലിയെപ്പോലെ ചാടുകയും ചെയ്യുന്ന കുടുംബിനിയാണോ? എങ്കിൽ യഥാർത്ഥ മുഖം തിരിച്ചറിയുക.

സ്വന്തം മക്കളെ ഒന്നു തലോടാനോ ലാളിക്കാനോ സ്നേഹിക്കാനോ തയ്യാറാകാത്ത എത്രയോ അപ്പന്മാർ നാട്ടുകാരുടെ മക്കളെ കാണുമ്പോൾ വാരിയെടുക്കുകയും സ്നേഹം പകരുകയും ലോഹ്യം പറയുകയും ചെയ്യുന്നു. സ്വന്തം ഭാര്യയുടെ വേദനകളും യാതനകളും മനസ്സിലാക്കാനോ ആശ്വസിപ്പിക്കാനോ തയ്യാറാകാതെ അന്യസ്ത്രീകളോട് അലിവും കരുണയും കാണിക്കുന്ന ഭർത്താക്കന്മാരും എത്രയധികമാണ്. എത്രയധികംപേർ ദൈവാലയത്തിലെ പ്രാർത്ഥനയും ഭക്തിയും കഴിഞ്ഞ് വീട്ടിലെത്തി, നരകം സൃഷ്ടിക്കുന്നു്. പുറത്ത് ശാന്തതയും സൗമ്യതയും വിധേയത്വവും നിറഞ്ഞ പെരുമാറ്റം കാഴ്ചവെക്കുന്ന എത്രയെത്ര വിദ്യാർത്ഥികളും ചെറുപ്പക്കാരും വീട്ടിൽ ധിക്കാരികളും പ്രശ്നക്കാരുമായി ജീവിക്കുന്നു. ഇവരെക്കെ തങ്ങളുടെ യഥാർത്ഥ മുഖം മറച്ചുവെച്ചുകൊണ്ട് ജീവിക്കാൻ തത്രപ്പെടുകയാണ്.

അനേകം മക്കൾക്ക് വിശ്വാസവും സഭയോടുള്ള താൽപ്പര്യവും നഷ്ടപ്പെട്ടതിനു കാരണം മാതാപിതാക്കളുടെ ഇരട്ടമുഖമാണ്. വീട്ടിൽ അപ്പനെ ധിക്കരിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന അമ്മയുടെ ഭക്തിയിലും പ്രാർത്ഥനയിലും കുഞ്ഞുങ്ങൾക്ക് വിരക്തി തോന്നില്ലേ? പള്ളിക്കാര്യങ്ങൾക്കായി ഓടി നടക്കുന്ന അപ്പന് കുടുംബാഗങ്ങളുടെ കാര്യത്തിൽ ശ്രുഷ്ക്കാന്തിയില്ലെങ്കിൽ കുടുംബനാഥന്റെ ഭക്തിയിൽ പങ്കുചേരാൻ വീട്ടുകാരുണ്ടാകുമോ? മദ്യവർജനത്തിനുവേണ്ടി പരസ്യമായി അദ്ധ്വാനിക്കുകയും വീട്ടിൽ പരമരഹസ്യമായി മദ്യപിക്കുകയും ചെയ്യുന്ന കുടുംബനാഥന്റെ പ്രവർത്തനത്തെ മക്കൾ എങ്ങനെ വീക്ഷിക്കും?

ഒരിക്കൽ പള്ളിയിൽ കയറാതെ നടക്കുന്ന മകനെ ഓർത്തുള്ള വിഷമം ഒരു പിതാവ് പങ്കുവെച്ചു. പിന്നീട് ആ മകനെ കണ്ടപ്പോൾ ഞാനൊന്നു ഉണദോഷിച്ചു. ഞെട്ടിപ്പിക്കുന്ന കാര്യമാണ് ആ യുവാവിൽനിന്ന് അപ്പോൾ കേട്ടത്:'ദൈവാലയത്തിൽ പോകുന്നില്ലെങ്കിലും എനിക്ക് നല്ല ദൈവിശ്വാസമുണ്ട്. ഞാനെന്നും രഹസ്യമായി ബൈബിൾ വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട് പക്ഷേ, ചാച്ചൻ ദൈവാലയത്തിൽ പോകുന്നിടത്തോളം കാലം ഞാൻ പോവില്ല.'കാരണമെന്താണന്നറിയണോ? ദൈവാലയത്തിന്റെ ഏറ്റവും മുൻ ഭാഗത്ത് കൈയുംകൂപ്പി ഭക്തിയോടെ നിന്ന് ദിവ്യബലിയിൽ പങ്കെടുക്കുന്ന പിതാവിനെ കാണുമ്പോൾ ആ ചെറുപ്പക്കാരന് അരിശം വരും. കാരണം, അവരുടെ കുടുംബ ബിസിനസ്സ് സത്യസന്ധമായി നടത്തിക്കൊണ്ടുപോകാൻ ഈ മകൻ ആഗ്രഹിക്കുന്നു. പക്ഷേ, പിതാവ് സമ്മതിക്കുന്നില്ല. കള്ളക്കണക്കെഴുതാനും കള്ളത്തരം കാണിക്കാനും പിതാവ് നിർബന്ധിക്കുന്നു. ജോലിക്കാരെ അത്യാവശ്യനേരത്ത് ഒരൽപ്പം സഹായിച്ചാൽ അതിനും ചീത്ത കേൾക്കണം.

പത്ത് പൈസയ്ക്കുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ചാച്ചന്റെ ഭക്തിയോടുള്ള വെറുപ്പാണ് മകനെ ദൈവാലയത്തിൽനിന്ന് അകറ്റിനിർത്തുന്നത്. അവൻ പറഞ്ഞു:'ചാച്ചന്റെ ഈ ഭക്തി വെറും തട്ടിപ്പാണ്. എനിക്കിതു കാണാൻ കഴിയാത്തതുകൊണ്ടാ ദൈവാലയത്തിൽ വരാത്തത്.' വീട്ടിലും വീട്ടുകാരുടെ അടുത്തു നാം എന്തായിരിക്കുന്നുവോ അതാണ്

യഥാർത്ഥത്തിലുള്ള നാം. വീടിന് പുറത്ത് മാന്യതയും സൽപേരും അംഗീകാരവും ലഭിക്കാൻ നാം നല്ലവരായി പെരുമാറാൻ ശ്രദ്ധിക്കുന്നു. അത് പലപ്പോഴും നമ്മുടെ വ്യക്തിത്വത്തിന്റെ സ്വാഭാവിക പ്രകടനം ആയിരിക്കയില്ല. അതിൽ കൃത്രിമത്വം ഉണ്ടാകാം. എന്നാൽ, വീട്ടിൽ പ്രകടമാകുന്നതാകട്ടെ നമ്മുടെ ആന്തരിക വ്യക്തിത്വത്തിന്റെ ബഹിർസ്ഫുരണവും. ആ വ്യക്തിത്വത്തെ തിരിച്ചറിയേണ്ടത് നമ്മുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

മുഖംമൂടികളുടെ മനോഹാരിതയിൽ തൃപ്തിപ്പെടാതെ, നാം എന്തുകൊണ്ട് സ്വന്തം ഭവനത്തിൽ 'കടുവയും പുലിയും' ആയി മാറുന്നു എന്ന് തിരിച്ചറിയണം. ഉള്ളിൽക്കിടക്കുന്ന അമർഷവും അസംതൃപ്തിയും വെറുപ്പും നിരാശയും സങ്കടവുമൊക്കെ തിരിച്ചറിഞ്ഞ് പ്രാർത്ഥനയിലൂടെ എടുത്തുനീക്കപ്പെടുന്നില്ലെങ്കിൽ നമ്മുടെയും മറ്റുള്ളവരുടെയും ജീവിതത്തിൽ നരകം സൃഷ്ടിക്കുകയായിരിക്കും നാം ചെയ്യുക. അതിനാൽ സ്വയം ചോദിക്കാം: ഞാൻ എന്റെ ഭവനത്തിൽ കടുവയും പുലിയുമാണോ; എങ്കിൽ എന്തുകൊണ്ട്? കാരണമെന്താണെങ്കിലും യേശുവിന് നിങ്ങളെ സുഖപ്പെടുത്താനും രൂപാന്തരപ്പെടുത്താനും സാധിക്കും.

വീട്ടിൽ നന്നായി പെരുമാറുമ്പോഴും അത് നമ്മുടെ യഥാർത്ഥ മുഖമാകണമെന്നില്ല ദൈവത്തിന്റെ മുന്നിൽ നാം എന്തായിരിക്കുന്നുവോ അതാണ് യഥാർത്ഥത്തിലുള്ള നാം. നമ്മുടെ സകല മുഖംമൂടികളും പൊഴിഞ്ഞുവീഴുന്ന ദൈവത്തിന്റെ സന്നിധിയിലെങ്കിലും നമുക്ക് ഹൃദയപരമാർത്ഥതയുള്ളവരാകാം.